പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6703 01.11.2011- ലെ മറുപടി

എറണാകുളത്തിന് സമീപത്തുള്ള ദ്വീപുകളിലെ യാത്രാക്ലേശം

ചോദ്യം

ശ്രീ. ലൂഡി ലൂയിസ്

ഉത്തരം

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | എറണാകുളത്തിന് സമീപത്തുള്ള ദ്വീപുകളിൽ നിന്ന് പ്രത്യേകിച്ച് വല്ലാർപാടം, മുളവുകാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് പട്ടണത്തിലേക്കും തിരിച്ചും യാത്രാക്ലേശം കുറയ്ക്കുവാൻ കൂടുതൽ ബസ് സർവ്വീസുകൾ അനുവദിക്കുമോ; | (എ) | എറണാകുളം ജെട്ടി ബസ് സ്റ്റാൻഡിൽ നിന്നും ഹൈക്കോർട്ട് ജംഗ്ഷൻ, മുളവുകാട്, വല്ലാർപാടം ജംഗ്ഷൻ, കണ്ടെയ്നർ റോഡ് വഴി പ്രതിദിനം ഏകദേശം 60 ഓളം ട്രിപ്പുകൾ തിരൂർ, മലപ്പുറം, പൊന്നാനി, ഗുരുവായൂർ, കൊടുങ്ങല്ലൂർ എന്നീ ഭാഗങ്ങളിലുൾപ്പെടെ കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തി വരുന്നുണ്ട്. അതുകൊണ്ട് തന്നെ ടി റൂട്ടിൽ യാത്രാക്ലേശം തീരെ ഇല്ലായെന്നുതന്നെ പറയാം. |
| (ബി) | ഒരു മെട്രോ നഗരമായി വികസിച്ചിരിക്കുന്ന എറണാകുളത്ത് രാത്രികാലങ്ങളിൽ ബസ്സ് സർവ്വീസുകൾ കുറവായതിനാൽ ട്രെയിനിൽ വന്നിറങ്ങുന്നവരുൾപ്പെടെയുള്ള യാത്രക്കാരുടെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | എറണാകുളം സിറ്റിയിലെ വിവിധ ഭാഗങ്ങളിലായി നിലവിൽ രാത്രി 10 മണിവരെ കെ.എസ്.ആർ.ടി.സി. യുടെ തിരു-കൊച്ചി ബസ്സുകൾ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. പുറമെ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകൾ തെക്കുഭാഗത്തേയ്ക്കും വടക്കു ഭാഗത്തേയ്ക്കും എറണാകുളം പട്ടണത്തിലൂടെ ആവശ്യത്തിന് സർവ്വീസ് നടത്തുന്നുണ്ട്. |
| (സി) | ഇതിനു പരിഹാരമായി രാത്രി 9 മണിക്ക് ശേഷം കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുന്നതിനും രാത്രി സമയത്ത് സർവ്വീസ് നിർത്തിവയ്ക്കുന്ന ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ? | (സി) | അവസാന ട്രിപ്പുകൾ ഓടിക്കാതെ രാത്രി 09.00 മണിക്കുമുൻപായി സർവ്വീസ് അവസാനിപ്പിക്കുന്ന പ്രൈവറ്റ് ബസ്സുകൾക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ